പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2405 12.02.2020-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്കിനായി കേരള ബജറ്റ് 2019-20-ൽ നാല്പ കോടി രൂപ വകയിരുത്തിയിട്ടും നാളിതുവരെയായി ഭരണാനുമതി നൽകുവാനുള്ള നടപടി സ്ഥിരീകരിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | **(എ)** കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നിലവിൽ ഐ.ടി വകുപ്പിന് കൈവശമുള്ള 100 ഏക്കർ ഭൂമിയുടെ വില ഐ.ടി പാർക്കുകളിൽ സർക്കാർ ഓഹരിയായി കണക്കാക്കുവാനാണ് റവന്യൂ വകുപ്പ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത സ്ഥലം വിലക്ക് വാങ്ങി വ്യവസായ പാർക്ക് തുടങ്ങാൻ കിൻഫ്രയ്ക്ക് കഴിയുന്നതല്ല. |
| **(ബി)** ബജറ്റിൽ തുക വകയിരുത്താത്ത എത്ര പുതിയ പ്രോജക്ടുകളാണ് വ്യവസായ വകുപ്പിൽ പുതുതായി ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | **(ബി)** ബജറ്റിൽ തുക വകയിരുത്താത്ത പദ്ധതികൾ ഒന്നും പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ